പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 155 — 18.03.2013-ൽ മറുപടിക്ക്

## മത്സ്യബന്ധനമേഖല നേരിടുന്ന പ്രതിസന്ധി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ജി. സുധാകരൻ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ഡീസൽ വില വർദ്ധനവുമൂലം മത്സ്യബന്ധനമേഖല പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഉണ്ട്. കൂടിയ എച്ച്.പി. ഉള്ള എഞ്ചിനുകൾ ഉപയോഗിക്കുന്നതു കാരണം കൂടുതൽ ഡീസൽ ഉപയോഗിക്കേണ്ടതായി വരുന്നുണ്ട്. ഇത് കൂടാതെ ഡീസലിന്റെ വിലവർദ്ധനവ് മത്സ്യബന്ധന ചെലവ് വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്. |
| (ബി) | ആലപ്പുഴ ജില്ലയിൽ പരമ്പരാഗതമായി മത്സ്യബന്ധനം നടത്തുന്ന എത്ര യന്ത്രവത്കൃത ബോട്ടുകളാണുള്ളത് ; | (ബി) | പരമ്പരാഗതമായി മത്സ്യബന്ധനം നടത്തുന്ന 40 യന്ത്രവത്കൃത ബോട്ടുകൾ ആലപ്പുഴ ജില്ലയിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുണ്ട്. |
| (സി) | ഓരോ ബോട്ടിനും എത്ര ലിറ്റർ മണ്ണെണ്ണയാണ് സബ്സിഡി നിരക്കിൽ അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (സി) | മത്സ്യബന്ധനയാനങ്ങളിൽ ഉപയോഗിക്കുന്ന ഔട്ട് ബോഡ് മോട്ടോറുകളെ അവയുടെ കുതിര ശക്തി അനുസരിച്ച് ഇപ്പോൾ പൊതുവിതരണ സമ്പ്രദായത്തിലൂടെ പെർമിറ്റ് ഉടമകൾക്ക് താഴെപ്പറയും പ്രകാരം സബ്സിഡി നിരക്കിൽ മണ്ണെണ്ണ അനുവദിക്കുന്നു.<br>10 എച്ച്. പി. - 129 ലിറ്റർ<br>10 H.P. - 15 H.P. വരെ - 136 ലിറ്റർ<br>15 H.P.യും അതിനു മുകളിലും - 180 ലിറ്റർ |
| (ഡി) | യന്ത്രവത്കൃത മത്സ്യബന്ധന ബോട്ടുകൾക്ക് കൂടുതൽ മണ്ണെണ്ണയും ഡീസലും സബ്സിഡി നിരക്കിൽ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | മത്സ്യമേഖലയ്ക്കായി പ്രത്യേകം മണ്ണെണ്ണ ക്വാട്ട അനുവദിച്ചു നൽകുന്നതിനായി ബഹു.പ്രധാന മന്ത്രിയ്ക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. ആയത് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ